LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

197 (1670) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ ചെയ്ത കാര്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ ഇനത്തിലും എത്ര രൂപ ചെലവഴിച്ചു എന്നും ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ 10 പഞ്ചായത്തുകളിലായി നടപ്പിലാക്കിയ കാര്യങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കേരകർഷക പ്രോത്സാഹന പദ്ധതി

198 (1671) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകർഷകർക്ക് നൽകുന്ന പ്രോത്സാഹന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്ന അത്യുത്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ ഏതെല്ലാമാണെന്നും അവ എവിടെയെല്ലാം ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ;

(സി) സംയോജിത നാളികേര വികസന പദ്ധതിയിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകന് ലഭ്യമാകുന്നതെന്ന് അറിയിക്കുമോ ;

(ഡി) കൂടുതൽ നാളികേര ഉല്പാദനം ലക്ഷ്യമിട്ട് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 1. ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. 2015-16 വർഷവും പദ്ധതി തുടരുന്നുണ്ട്.